0051630

K19U 3242

Reg. No. : ..............................
Name : ..................................

# I Semester BCA/BSW/B.Sc.(LRP) Degree (CBCSS - Supplementary./Improvement.) Examination, November - 2019
## (2016-2018 Admissions)
## COMMON COURSE IN MALAYALAM
## 1A07 - 2 MAL : സാഹിത്യവും വിവർത്തനവും

സമയം : 3 മണിക്കൂർ

മാർക്ക് : 40

I. 300 വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക. **(2×7=14)**

1. യാഥാസ്ഥിതികതയെ കഠിനമായി പരിഹസിക്കുന്ന കവിതയാണ് 'വഴി വെട്ടുന്നവരോട്' സമർത്ഥിക്കുക.
2. മലയാള ഭാഷയുടെ ഉല്പത്തിയെക്കുറിച്ചുള്ള വാദമുഖങ്ങൾ ഏതെല്ലാം? അവയിലെ യുക്തി വിശകലനം ചെയ്യുക.
3. 'ഹൈമതഭൂവിൽ' എന്ന യാത്രാവിവരണ ഗ്രന്ഥത്തിന്റെ പ്രത്യേകതകൾ പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.
4. വിവിധതരം വിവർത്തനരീതികളെപ്പറ്റി ഉപന്യസിക്കുക.

II. 150 വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. **(4×3=12)**

5. "വർണ്ണം, നിഴലു,വെളിച്ചം നാദം
   വന്നെത്താത്തൊരു തവലോകം" ഈ അവസ്ഥയ്ക്ക് കാരണമെന്ത് ?
6. 'ഒട്ടും ബലമില്ലാത്ത ഒരടിത്തറയിലാണ് സംക്രമവാദത്തിന്റെ പണി' വിശദമാക്കുക.
7. പരോക്ഷവിവർത്തനം എന്തെന്ന് വിശദീകരിക്കുക.
8. "സ്നേഹപൂർണ്ണമായെന്നെ നോക്കി വീർപ്പിടും ജന്മ-
   ഗേഹമേ പൊങ്ങുന്നില്ല യാത്രചോദിപ്പാൻ ശബ്ദം" ഈ വിഷമസ്ഥിതിക്ക് കാരണമെന്ത് ? വിശദീകരിക്കുക.
9. "പാരുഷ്യം പെരുകുന്നു വാക്കിലും മനസ്സിലും
   മാതുലാ പൊറുത്താലും തീർന്നു മാമ്പഴക്കാലം" സൂചിതമെന്ത് ? അർത്ഥതലം വിശദീകരിക്കുക.

P.T.O.

10. ''വഴിവെട്ടിയ ഞങ്ങടെ മൂപ്പനെ
വഴിപോൽ മാനിക്കണമല്ലോ'' വരികളിലെ ധ്വനിയെന്ത് ? വിശദമാക്കുക.

**III.** 100 വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. **(4×2=8)**

11. വിവർത്തനത്തിന് മാധ്യമങ്ങൾ നൽകുന്ന പ്രാധാന്യം വിശദമാക്കുക.
12. 'ആനുഷംഗികമാണെങ്കിലും സോദ്ദേശ്യമാണ് ആ പ്രസ്താവന' ഭാഷയെ സംബന്ധിച്ച ആ പ്രസ്താവനയുടെ പൊരുൾ എന്തായിരുന്നു?
13. 'പ്രക്ഷുബ്ധമായ ചരിത്രത്തിൽ സ്വച്ഛതയായി കടന്നുചെന്ന സംഗീതമായിരുന്നു അത്' കെ. പി. അപ്പന്റെ വിവക്ഷയെന്ത് ?
14. ''തെല്ലിടമാത്രം - പിന്നീടെല്ല്ലാ-
മല്ലാ, ണെന്തൊരു ഹതഭാഗ്യം'' സൂചിതം എന്ത് ? വ്യക്തമാക്കുക.
15. ''ഇവനെക്കൂടി സ്വീകരിക്കുക'' ആരോടാണ് ഈ അഭ്യർത്ഥന? പ്രസക്തി വ്യക്തമാക്കുക.
16. വിവർത്തകനുണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങൾ ഏതെല്ലാം?

**IV.** ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക. **(6×1=6)**

17. മലയാളഭാഷയ്ക്ക് ഉല്പത്തിവിഷയത്തിൽ തമിഴിനോട് കാര്യമായ ബന്ധമില്ലെന്ന് ഉറക്കെ വിളിച്ചുപറഞ്ഞതാര് ?
18. 'പെരുന്തച്ചൻ' എന്ന കവിത എഴുതിയതാര് ?
19. കക്കാടിന് കേരള സാഹിത്യ അക്കാഡമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?
20. ''നൂണു നീ നരകത്തിൻ പാലങ്ങൾ നരിച്ചീർപോൽ'' ഇവിടെ സൂചിതനാകുന്ന ക്വിയാര് ?
21. 'സ്വരരാഗസുധ' ആരെഴുതിയ കവിതയാണ് ?
22. ''പലരെപ്പാണിഗ്രഹം ചെയ്തിരിക്കുന്നു പണ്ടേ'' ആര് ?
23. 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം ' ആരുടെ കൃതിയാണ് ?
24. ജ്ഞാനപീഠപുരസ്കാരം നേടിയ ആദ്യ മലയാള സാഹിത്യകാരനാര് ?

---